**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 561** **13-10-2026-ൽ മറുപടിയ്ക്ക്**

**അരുവിക്കര നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ഈ സ്ഥലങ്ങളിൽ സ്വന്തമായി കെട്ടിടം സ്ഥാപിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**മറുപടി:** അരുവിക്കര മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഓഫീസുകൾ ചുവടെ ചേർക്കുന്നു.

1. വെള്ളനാട്

2.ഉഴമലയ്ക്കൽ

3. തൊളിക്കോട്

4. പൂവച്ചൽ

5. വിതുര

ഉഴമലയ്ക്കൽ - ഉഴമലയ്ക്കൽ സെക്ഷനുവേണ്ടി, ഓഫീസ് കെട്ടിടം നിർമ്മിക്കാൻ, നെടുമങ്ങാട് താലൂക്കിൽ, ഉഴമലയ്ക്കൽ വില്ലേജിൽ, ബ്ലോക്ക് 50, റീ-സർവ്വേ 359/7-ൽ 7.62 ആർ, ഭൂമി അനുവദിച്ചിട്ടുണ്ട്. ഭൂമി പാട്ടത്തിന് എടുക്കുന്നതിനും കൈമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഭൂമി സർക്കാരിലേക്ക് എടുക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ നിന്ന്, തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 25.07.2026-ൽ നൽകിയിട്ടുണ്ട്.

മറ്റുള്ള സെക്ഷനുകൾക്ക് പഞ്ചായത്ത് സൗജന്യമായി ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് കെട്ടിട നിർമ്മാണം നടത്തുന്നതാണ് .

**സെക്ഷൻ ഓഫീസർ**